(ഇ) സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്ന ജലവൈദ്യുതിയും ചെലവുകൂടിയ മറ്റ് സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയും തമ്മിലുള്ള അനുപാതം എന്താണ്;

(എഫ്) ഇപ്പോഴത്തെ നിരക്ക് വർദ്ധനയ്ക്ക് മുമ്പ് വൈദ്യുതി ബോർഡിന് പ്രതിദിനം ലാഭമാണോ നഷ്ടമാണോ ഉണ്ടായിരുന്നത്; അതിന്റെ കണക്ക് എത്ര എന്ന് വ്യക്തമാക്കുമോ;

(ജി) ഇപ്പോഴത്തെ നിരക്ക് വർദ്ധനവ് അയൽസംസ്ഥാനങ്ങളിലെ നിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 538.2 മെഗാവാട്ട്.

(ബി) 2551 മെഗാവാട്ട്.

(സി) സംസ്ഥാനത്ത് പവർകട്ട് ഇപ്പോൾ നിലവിലില്ല.

(ഡി) ജലവൈദ്യുത പദ്ധതികളിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ്. വാർഷിക കണക്കുകൾ തയ്യാറായിക്കഴിഞ്ഞു മാത്രമേ ലഭ്യമാകുകയുള്ളൂ. ബ്രഹ്മപുരം താപനിലയത്തിൽ മേയ് 1999-ൽ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ ചെലവ് യൂണിറ്റൊന്നിന് 2 രൂപ 95 പൈസ എന്നാണ് ഇപ്പോൾ കണക്കാക്കിയിരുന്നത്.

(ഇ) മേയ് 1999-ലെ ഉൽപ്പാദനം അനുസരിച്ചുള്ള അനുപാതം താഴെപ്പറയും പ്രകാരമാണ്.

ജലവൈദ്യുതി	-	52.03%
ബ്രഹ്മപുരം താപനിലയത്തിൽനിന്നുള്ള വൈദ്യുതി	-	3.01%
കായംകുളം താപനിലയത്തിൽനിന്നുള്ള വൈദ്യുതി	-	16.18%
കേന്ദ്ര വിഹിതം	-	28.78%

(എഫ്) നഷ്ടത്തിലായിരുന്നു. പ്രതിദിനം 1.7 കോടി രൂപ.

(ജി) അയൽ സംസ്ഥാനങ്ങളായ ആന്ധ്ര, കർണ്ണാടകം, തമിഴ്നാട് എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ നിലവിലുള്ള നിരക്ക് കുറവാണ്.

കാർഷികാവശ്യത്തിന് വൈദ്യുതി

125 (908)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകണം എന്നാവശ്യപ്പെടുന്ന എത്ര അപേക്ഷകളാണ് കേരളത്തിലെ ഇലക്ട്രിസിറ്റി ആഫീസുകളിൽ നടപടിയാകാതെ കെട്ടിക്കിടക്കുന്നത്;

(ബി) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ യഥാസമയം നൽകാത്തതുമൂലം കർഷകർ ജലസേചന സൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6962 അപേക്ഷകൾ.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) സാധന സാമഗ്രികളുടെ ലഭ്യതയ്ക്കും മുൻഗണനാക്രമത്തിനും വിധേയമായി കണക്ഷനുകൾ നൽകിവരുന്നു.

വൈദ്യുതി ബോർഡിനായി വകയിരുത്തിയ തുക

126 (909)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതി ബോർഡിന് എത്രകോടി രൂപയാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ കേരളത്തിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വൈദ്യുതി വിറ്റ വകയിൽ എത്ര കോടി രൂപ വരുമാനം ഉണ്ടായതായി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതിബോർഡ് ജീവനക്കാരുടെ ശമ്പളമിനത്തിൽ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ പ്രഖ്യാപിച്ച വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ എത്ര കോടി രൂപ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന് വായ്പയായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശം :-

1996-97 - 81.05 കോടി രൂപ

1997-98 - 211.05 കോടി രൂപ

1998-99 - 124.65 കോടി രൂപ

(ബി) 1996-97 - 5502.86 മില്യൻ യൂണിറ്റ്

1997-98. - 5189.00 മില്യൻ യൂണിറ്റ്

1998-99 - 7155.50 മില്യൻ യൂണിറ്റ്

(സി) 1996-97 - 691.88 കോടി രൂപ

1997-98 - 977.29 കോടി രൂപ

1998-99 ലെ വാർഷിക കണക്ക് പൂർത്തിയായിട്ടില്ല. 98-99 ലെ പുതുക്കിയ ബഡ്ജറ്റ് അനുസരിച്ച് ലഭ്യമാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നത് 1246.29 കോടി രൂപയാണ്.

(ഡി) ശമ്പളമിനത്തിൽ ചെലവായ തുക :-

1996-97 - 251.75 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly